**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 921** **02-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വകുപ്പ് വൈദ്യുതി വകുപ്പുമായി ചേർന്ന് നടത്തി വരുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആദിവാസി മേഖലകളിൽ വൈദ്യുതി ലഭ്യമല്ലാത്ത മേഖലകൾ കണ്ടെത്തിയിട്ടുണ്ടോയെന്നും അവിടങ്ങളിൽ വൈദ്യുതി ലഭ്യമാക്കുവാൻ വൈദ്യുതി വകുപ്പുമായി ചേർന്ന് നടത്തി വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ആയത് എപ്പോൾ പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കുമോ; | (എ) | കണ്ടെത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ ഉന്നതികളിലെ വൈദ്യുതീകരണം, വിച്ഛേദിക്കപ്പെട്ട വൈദ്യുതി കണക്ഷനുകൾ പുനഃസ്ഥാപിക്കൽ, നിയമ/ സാങ്കേതിക തടസ്സം കാരണത്താൽ വൈദ്യുതി ലഭ്യമല്ലാത്ത വീടുകൾ എന്നിവ സംബന്ധിച്ച് 13.1.2026 തീയതിയിൽ വൈദ്യുതി വകുപ്പ്, പട്ടിക ജാതി പട്ടിക വർഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രിതല യോഗം ചേരുകയുണ്ടായി. നിലവിൽ കുടിശ്ശിക നിലനിൽക്കുന്ന 5648 പട്ടികവർഗ്ഗ കുടുംബങ്ങളുടെ വൈദ്യുതി കുടിശ്ശികത്തുകയായ 3.1 കോടി രൂപ കെ.എസ്.ഇ.ബിയുടെ വൈദ്യുതി ഡ്യൂട്ടിയിൽ ക്രമീകരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉപഭോക്താക്കൾക്ക് കെഎസ്ഇബിയുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും സംയുക്ത പരിശ്രമത്തിലൂടെ വൈദ്യുതിബന്ധം പുനഃസ്ഥാപിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി വകുപ്പ് ഉദ്യോഗസ്ഥർ കെഎസ്ഇബി ഉദ്യോഗസ്ഥരുമായി ചേർന്ന് പ്രവർത്തന കലണ്ടർ തയ്യാറാക്കി പ്രാദേശികാടിസ്ഥാനത്തിൽ സമയ ബന്ധിതമായി പ്രവർത്തനം പൂർത്തീകരിക്കുന്നതിനും വൈദ്യുതിബന്ധം പുനഃസ്ഥാപിക്കുന്നതിന് മുന്നോടിയായി ഉപഭോക്താക്കൾ പൂർത്തിയാക്കേണ്ട വയറിങ് ജോലികൾക്ക് ആവശ്യമായ തുകയും KSEB മുഖേന വൈദ്യുതി എത്തിക്കുന്ന ഉന്നതികളിൽ അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതോടൊപ്പം KSEB മുഖേന വൈദ്യുതി എത്തിക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ അനർട്ട് മുഖേന വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ച് വരുന്നു . |

| | | | |
|---|---|---|---|
| (ബി) | വൈദ്യുതിയുള്ള ആദിവാസി മേഖലകളിൽ കേബിൾ നെറ്റ്‌വർക്കിന്റെയോ ടവറുകളുടെയോ അഭാവം മൂലം വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനം അന്യാധീനമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | **കണ്ടെത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ ഉന്നതികളിലെ വൈദ്യുതീകരണം, വിച്ഛേദിക്കപ്പെട്ട വൈദ്യുതി കണക്ഷനുകൾ പുനഃസ്ഥാപിക്കൽ, നിയമ/ സാങ്കേതിക തടസ്സം കാരണത്താൽ വൈദ്യുതി ലഭ്യമല്ലാത്ത വീടുകൾ എന്നിവ സംബന്ധിച്ച് 13.1.2026 തീയതിയിൽ വൈദ്യുതി വകുപ്പ്, പട്ടിക ജാതി പട്ടിക വർഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രിതല യോഗം ചേരുകയുണ്ടായി. നിലവിൽ കുടിശ്ശിക നിലനിൽക്കുന്ന 5648 പട്ടികവർഗ്ഗ കുടുംബങ്ങളുടെ വൈദ്യുതി കുടിശ്ശികത്തുകയായ 3.1 കോടി രൂപ കെ.എസ്.ഇ.ബിയുടെ വൈദ്യുതി ഡ്യൂട്ടിയിൽ ക്രമീകരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉപഭോക്താക്കൾക്ക് കെഎസ്ഇബിയുടെയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും സംയുക്ത പരിശ്രമത്തിലൂടെ വൈദ്യുതിബന്ധം പുനഃസ്ഥാപിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി വകുപ്പ് ഉദ്യോഗസ്ഥർ കെഎസ്ഇബി ഉദ്യോഗസ്ഥരുമായി ചേർന്ന് പ്രവർത്തന കലണ്ടർ തയ്യാറാക്കി പ്രാദേശികാടിസ്ഥാനത്തിൽ സമയ ബന്ധിതമായി പ്രവർത്തനം പൂർത്തീകരിക്കുന്നതിനും വൈദ്യുതിബന്ധം പുനഃസ്ഥാപിക്കുന്നതിന് മുന്നോടിയായി ഉപഭോക്താക്കൾ പൂർത്തിയാക്കേണ്ട വയറിങ് ജോലികൾക്ക് ആവശ്യമായ തുകയും KSEB മുഖേന വൈദ്യുതി എത്തിക്കുന്ന ഉന്നതികളിൽ അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അതോടൊപ്പം KSEB മുഖേന വൈദ്യുതി എത്തിക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ അനർട്ട് മുഖേന വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ച് വരുന്നു .** |

സെക്ഷൻ ഓഫീസർ